# പതിനാലാം കേരള നിയമസഭ

## പതിനെട്ടാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത നിയമസഭ ചോദ്യം നം. 387 – 04/02/2020 - ലെ മറുപടിക്ക്

## കടമെടുപ്പപരിധി

ചോദ്യം

പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ

ശ്രീ. ടി.എ.അഹമ്മദ് കബീർ

ശ്രീ. പി.ഉബൈദുള്ള

ശ്രീ. പി.കെ.അബ്ദു റബ്ബ്

ഉത്തരം

ഡോ. ടി. എം. തോമസ് ഐസക്

(ധനകാര്യവും കയറും വകുപ്പമന്ത്രി)

| | ചോദ്യം | ഉത്തരം |
|---|---|---|
| (എ) | സംസ്ഥാനത്തിന്റെ കടമെടുപ്പപരിധി വർദ്ധിപ്പിച്ചു നൽകണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിരുന്നോ യെന്ന് അറിയിക്കുമോ; | ഫിസ്കൽ റെസ്പോൺസിബിലിറ്റി & ബജറ്റ് മാനേജ്മെന്റ് (FRBM) നിയമപ്രകാരം സംസ്ഥാനത്തിന്റെ കടമെടുപ്പപരിധി GSDP യുടെ 3% മായി നിജപ്പെടുത്തിയിട്ടുണ്ട്. ഇപ്രകാരം കേന്ദ്രസർക്കാർ നിശ്ചയിച്ചിട്ടുള്ള 2019-20 സാമ്പത്തിക വർഷത്തെ സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധി 24,915 കോടി രൂപയാണ്. പ്രളയാനന്തര പുനർനിർമ്മാണത്തിനുള്ള വിഭവസമാഹരണത്തിന്റെ ഭാഗമായി സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധി GSDP യുടെ 4.5% ശതമാനമായി ഉയർത്തണ മെന്നും ലോകബാങ്ക് മുതലായ വിദേശ സഹായ ഏജൻസികളിൽ നിന്നെടുക്കുന്ന വായ്പകൾ കടമെടുപ്പ് പരിധിക്ക് പുറമേ അനുവദിക്കണമെന്നും കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിരുന്നു. എന്നാൽ 2016-17, 2017-18 സാമ്പത്തിക വർഷങ്ങളിൽ അനുവദനീയമായ കടമെടുപ്പ് പരിധിയിൽ നിന്നും അധികരിച്ച് പബ്ലിക്ക് അക്കൗണ്ട് വഴി വായ്പ എടുത്തുവെന്ന കാരണം ചൂണ്ടിക്കാട്ടി വായ്പ 2019-20 ലെ കടമെടുപ്പ് പരിധിയായ 24,915/- കോടിരൂപയിൽ നിന്നും കേന്ദ്രസർക്കാർ കുറവ് വരുത്തുകയുണ്ടായി. ട്രഷറി നിക്ഷേപവും മറ്റും സംസ്ഥാനത്തിന്റെ വായ്പാ പരിധിയിൽ പ്പെടുത്തുന്ന ഈ കേന്ദ്രസർക്കാർ നടപടി അസാധാരണവും ആദ്യവുമാണ്. ഇത് പ്രളയനന്തര പുനർനിർമ്മാണങ്ങളേയും വികസനപ്രവർത്തനങ്ങളേയും പ്രതികൂലമായി |

| | | |
|---|---|---|
| | | ബാധിക്കുമെന്നതിനാൽ നടപ്പ സാമ്പത്തിക വർഷത്തെ കടമെടുപ്പ് പരിധിയായ 24,915/- കോടിരൂപയിൽ നിലനിറുത്തണമെന്ന് കേന്ദ്രസർക്കാരിനോട് അഭ്യർത്ഥിച്ചിരുന്നു. എന്നാൽ, ഇക്കാര്യത്തിൽ കേന്ദ്രസർക്കാരിൽ നിന്നും അനുകൂല പ്രതികരണം ലഭിച്ചിട്ടില്ല. |
| (ബി) | സർക്കാരിന്റെ ദൈനംദിന പ്രവർത്തനങ്ങൾക്കോ ഏതെങ്കിലും പ്രത്യേക പദ്ധതി ചെലവിനോ ആണോ പരിധി ഉയർത്തി നൽകാൻ ആവശ്യപ്പെട്ടതെന്ന് വ്യക്തമാക്കാമോ; | സംസ്ഥാനത്തിന്റെ പ്രളയനന്തര പുനർനിർമ്മാണ പ്രവർത്തനങ്ങൾക്കായി വൻതോതിലുള്ള വിഭവസമാഹരണം നടത്തേണ്ടതുണ്ട് എന്നാൽ നോട്ടു നിരോധനവും GST നടപ്പിലാക്കിയതിലുള്ള അപാകതയും കാരണം സംസ്ഥാന തനത് നികുതി വരുമാനത്തിൽ ഉണ്ടായിട്ടുള്ള ഇടിവ് സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതിയെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിലാണ് സംസ്ഥാനത്തിന്റെ പ്രളയാനന്തര പുനർനിർമ്മാണ പ്രവർത്തനങ്ങൾക്കും വികസനപ്രവർത്തനങ്ങൾക്കും കടമെടുപ്പ് പരിധി വർദ്ധിപ്പിക്കണമെന്ന് കേന്ദ്രസർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുള്ളത്. |
| (സി) | അനാവശ്യ ചെലവുകൾ ഒഴിവാക്കിയും നികുതി പിരിവുകൾ ഊർജിതമാക്കിയും സാമ്പത്തിക പ്രതിസന്ധി തരണം ചെയ്യാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ? | അനാവശ്യ ചെലവുകൾ ഒഴിവാക്കിയും നികുതി പിരിവുകൾ ഊർജിതമാക്കിയും സാമ്പത്തിക പ്രതിസന്ധി തരണം ചെയ്യാൻ സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു.<br><br>1. വായ്പയെടുക്കുന്നതിന്റെ ഒരു ഭാഗം ഉപയോഗപ്പെടുത്തി അതിന്റെ പല മടങ്ങ് പണം ബജറ്റിന് പുറത്ത് സമാഹരിച്ച് സർക്കാർ നേതൃത്വത്തിൽ മുതൽ മുടക്കി അതുവഴി സംസ്ഥാനത്തിന്റെ വളർച്ച ത്വരിതപ്പെടുത്തുവാൻ വേണ്ട നടപടികൾ സ്വീകരിച്ചു. 1999-ലെ കിഫ്ബി ആക്ട് പരിഷ്കരിച്ചുകൊണ്ട് സെബിയും ആർ.ബി.ഐ.യും അംഗീകരിച്ചിട്ടുള്ള നൂതന ധന സമാഹരണ സംവിധാനങ്ങൾ ഉപയോഗപ്പെടുത്തുവാൻ കേരള ഇൻഫ്രാസ്ട്രക്ചർ ഫണ്ട് ബോർഡിനെ സജ്ജമാക്കി. ഇതുവരെ 54,391.47 കോടി രൂപയുടെ വികസന പദ്ധതികൾക്ക് കിഫ്ബിവഴി നടപ്പിലാക്കുവാൻ അനുമതി |

| | | |
|---|---|---|
| | | നൽകിയിട്ടുണ്ട്. ഇത് വാസ്തവത്തിൽ രാജ്യത്ത് ഏതെങ്കിലും സംസ്ഥാനത്ത് നടപ്പിലാക്കുന്ന ഏറ്റവും വലിയ ഉത്തേജക പാക്കേജാണ്.<br>2. വിവിധ നികുതി കുടിശ്ശികകൾ പിരിച്ചെടുക്കുന്നതിന് ആകർഷകമായ ആംനസ്റ്റി സ്കീമുകൾ നടപ്പിലാക്കി.<br>3. റവന്യൂ റിക്കവറി നടപടികൾ ഊർജ്ജിതപ്പെടുത്തി.<br>4. നികുതി ചോർച്ച തടയുന്നതിന്റെ ഭാഗമായി റിട്ടേൺസ്ക്രൂട്ടിനിയും പരിശോധനകളും ശക്തമാക്കി.<br>5. ഭൂമി രജിസ്ട്രേഷനുമായി ബന്ധപ്പെട്ട് അണ്ടർ വാല്യുവേഷൻ കേസുകൾ തീർപ്പാക്കുന്നതിന് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കി.<br>6. വിവര സാങ്കേതിക വിദ്യയുടെ സാധ്യതകൾ ഉപയോഗപ്പെടുത്തി നികുതി പിരിവ് കാര്യക്ഷമമാക്കുന്നതിന് ബന്ധപ്പെട്ട വകുപ്പുകളെ നവീകരിച്ചു.<br>7. ചരക്ക് സേവന നികുതി ചോർച്ചയ്ക്ക് കാരണമായ പഴുതുകൾപരമാവധി അടയ്ക്കുക എന്ന ലക്ഷ്യത്തോടെ താഴെ പറയുന്ന നടപടികൾ സ്വീകരിച്ചു വരുന്നു.<br>i. 2017-18 സാമ്പത്തിക വർഷത്തിലെ വാർഷിക റിട്ടേൺ ലഭ്യമാകുമ്പോൾ നികുതി കണക്കുകൾ സ്ക്രൂട്ടിണൈസ് ചെയ്ത് വ്യാപാരികളുടെ വിൽക്കൽ, വാങ്ങൽ വൗച്ചർ താരതമ്യപ്പെടുത്തി അനധികൃതമായി ഇൻപുട്ട് ക്രെഡിറ്റ് എടുത്തതും അല്ലെങ്കിൽ ടേണോവർ കുറച്ചു കാണിച്ചതുമെല്ലാം കണ്ടുപിടിച്ച് നികുതി ചോർച്ചയിൽ നല്ലൊരു പങ്ക് തിരിച്ചു പിടിക്കാൻ കഴിയും. |

| | | |
|---|---|---|
| | | ii. ജി.എസ്.ടി.ആർ-2 എ അടിസ്ഥാനമാക്കി ഇൻവോയ്സ് മാച്ചിംഗിന് ജി.എസ്.ടി.ആർ-3 ബി, ജി.എസ്.ടി.ആർ-1 ഇവ തമ്മിലുള്ള താരതമ്യം, ഈ-വേ ബിൽ ഡേറ്റാ എന്നിവ യഥാസമയം പരിശോധനാ വിധേയമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br>iii. ഓട്ടോമാറ്റിക് നമ്പർ പ്ലേറ്റ് റെക്കഗ്നേഷൻ സംവിധാനം (എ.എൻ.പി.ആർ) വഴി കേരളത്തിലേയ്ക്ക് വരുന്ന എല്ലാ ചരക്കു വാഹനങ്ങളിലും ഈ-വേ ബിൽ പരിശോധന തൽസമയം നടത്തുന്നതാണ്. കേരളത്തിലേയ്ക്കുള്ള പ്രധാന പ്രവേശന മാർഗ്ഗങ്ങളിൽ സ്ഥാപിക്കുന്ന ഓട്ടോമാറ്റിക് നമ്പർ പ്ലേറ്റ് റീഡിംഗ് ക്യാമറ വഴി ചരക്കു വാഹനത്തിന്റെ രജിസ്ട്രേഷൻ നമ്പർ പരിശോധിച്ച് പ്രസ്തുത വാഹനത്തിന് നിയമാനുസൃതമായ ഈ-വേ ബിൽ ഉണ്ടോ എന്ന് ഉറപ്പു വരുത്തുന്നതാണ്. ഈ-വേ ബിൽ ഇല്ലാത്ത പക്ഷം ഈ വിവരം തൽസമയം ഇന്റലിജൻസ് സ്ക്വാഡുകൾക്ക് അലർട്ട് സന്ദേശം നൽകുന്നതാണ്. ഈ സംവിധാനം പരീക്ഷണാടിസ്ഥാനത്തിൽ വാളയാറിൽ നടപ്പിലാക്കുകയും മറ്റ് പ്രധാന 23 അതിർത്തി മേഖലകളിൽ സ്ഥാപിക്കുന്നതിനുള്ള ടെൻഡർ നടപടികൾ അവസാന ഘട്ടത്തിലാണ്.<br>vi. റിട്ടേൺ പരിശോധനയിൽ നികുതി വെട്ടിപ്പ് സംശയിക്കുന്ന സ്ഥാപനങ്ങളിൽ ഇന്റലിജൻസ് വിഭാഗം പരിശോധന നടത്തി നികുതി വെട്ടിപ്പിന്റെ പഴുതുകൾ |

| | | |
|---|---|---|
| | | തടഞ്ഞ് നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു.<br>v. നികുതി വളർച്ച ഉറപ്പാക്കുന്നതിലേയ്ക്കായി ബിൽ നിർബന്ധമായും ചോദിച്ചു വാങ്ങുകയെന്ന പ്രവണത പ്രോത്സാഹിപ്പിക്കുന്നതിന് വേണ്ടി വിതരണക്കാർക്കും ഉപയോക്താക്കൾക്കും ബോധവൽക്കരണം നടത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. കൂടാതെ വ്യാപാര സ്ഥാപനങ്ങൾ ബില്ല് കൊടുക്കുന്നുണ്ടോയെന്ന് ടെസ്റ്റ് പരിശോധനകളിലൂടെ ഉറപ്പു വരുത്തുന്നു.<br>8. ലോട്ടറി ഉൾപ്പെടെയുള്ളവയുടെ വൈവിധ്യ വത്കരണത്തിലൂടെയും ക്രിയാത്മകമായ പരിശ്രമങ്ങളിലൂടെയും നികുതിയേതര വരുമാനം ഘട്ടം ഘട്ടമായി ഉയർത്തുന്നതിന് ശ്രമിച്ചു.<br><br>വിദ്യാഭ്യാസ, ആരോഗ്യ, സാമൂഹ്യക്ഷേമ രംഗങ്ങളിൽ ഉന്നത നിലവാരം പുലർത്തിപ്പോരുന്ന നമ്മുടെ സംസ്ഥാനത്ത്, പ്രസ്തുത മേഖലകളിലടക്കമുള്ള രംഗങ്ങളിലെ സർക്കാർ ഇടപെടലുകളിലും ക്ഷേമപ്രവർത്തനങ്ങളിലും നിയന്ത്രണങ്ങൾ വരുത്തുന്നതും ചെലവ് ചുരുക്കുന്നതും അഭികാമ്യമല്ല. എന്നാൽ, റബ്ബർ ഉൾപ്പെടെയുള്ള കാർഷികോൽപ്പന്നങ്ങളുടെ വിലകൾ ഉയരാത്തതുമൂലവും ഗൾഫിലെ തൊഴിൽ നയങ്ങളുടെ ഭാഗമായി ആ രാജ്യങ്ങളിലേയ്ക്കുള്ള കുടിയേറ്റത്തിലുണ്ടായ ഇടിവ് വഴി ഗൾഫ് പണവരുമാനം കുറയുന്നതു മൂലവും കേരള സമ്പദ്ഘടന മുരടിപ്പിന്റെ ശക്തമായ ഭീഷണിയെ അഭിമുഖീകരിക്കുകയാണ്. ഈ സാഹചര്യത്തിൽ, വരുമാനം വർദ്ധിപ്പിച്ചും അനാവശ്യ ചെലവുകളും ധൂർത്തും നിയന്ത്രിച്ചും |

| | | |
|---|---|---|
| | | സാമൂഹ്യ ക്ഷേമ വികസന മേഖലകളിൽ പരമാവധി പണം ചെലവഴിക്കുകയെന്നതാണ് സർക്കാർ അനുവർത്തിച്ചു വരുന്ന നയം. ആയതിന്റെ അടിസ്ഥാനത്തിൽ, ധൂർത്തും അനാവശ്യ ചെലവുകളും നിയന്ത്രിക്കുന്നതിന്റെയും സാമ്പത്തിക അച്ചടക്കം ഉറപ്പു വരുത്തുന്നതിന്റെയും ധനദൃഢീകരണം സാദ്ധ്യമാക്കുന്നതിന്റെയും ഭാഗമായി വാഹനങ്ങൾ വാങ്ങുന്നതിലും, പുതിയ ഗ്രാന്റ്-ഇൻ-എയിഡ് സ്ഥാപനങ്ങൾ അനുവദിക്കുന്നതിലും, വിദേശ യാത്രയ്ക്കും, വിമാന യാത്രയ്ക്കും, മൊബൈൽ ഫോൺ ഉപയോഗിക്കുന്നതിലും അടക്കം നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. ടി നിയന്ത്രണങ്ങൾ കർശനമായി പാലിച്ചു പോരുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**